## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2694 — 10.07.2015-ലെ മറുപടിക്ക്

## ക്ഷീരകർഷകർക്കുള്ള ക്ഷേമ പെൻഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി: | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്കുള്ള ക്ഷേമ പെൻഷൻ മാസങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | 2015 മെയ് മാസം വരെയുള്ള പെൻഷൻ ക്ഷീരകർഷക ക്ഷേമനിധിയുടെ അക്കൌണ്ടിൽ നിന്നും പെൻഷണറുടെ അക്കൌണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട്. ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാതിരിക്കുക, സംഘം അംശാദായ കുടിശ്ശിക വരുത്തുക, പെൻഷണറുടെ ബാങ്ക് അക്കൌണ്ട് നമ്പറിലെ ന്യൂനത എന്നിവ ഉള്ളവരുടെ പെൻഷൻ തടഞ്ഞിട്ടുണ്ട്. ടി അപാകത പരിഹരിച്ച് നൽകുന്ന മുറക്ക് ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ അനുവദിക്കുന്നതാണ്. |
| (ബി) 2014 മെയ് മാസം വരെ പെൻഷൻ ലഭിച്ച ക്ഷീരകർഷകർക്ക് പിന്നീട് ഒരു വർഷക്കാലമായി പെൻഷൻ ലഭിക്കാത്തത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | | |
| (സി) ശ്രീമതി. ഷണ്മുഖൻ, മടത്തിപ്പറമ്പിൽ വീട്, മുനിപ്പാറ, പരിയാരം. പി.ഒ, കാഞ്ഞിരപ്പിള്ളി, തൃശ്ശൂർ ജില്ല എന്ന ക്ഷീരകർഷകയുടെ പെൻഷൻ കുടിശ്ശിക ലഭിയ്ക്കുന്നതിനുള്ള അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ?. | (സി) | പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭ്യമായിട്ടില്ല. ശ്രീമതി. ഷണ്മുഖൻ (അംഗത്വ നമ്പർ-0802080025, കൊന്നക്കുഴി ക്ഷീര-സംഘം) മടത്തിപറമ്പിൽ വീട്, മുനിപ്പാറ, പരിയാരം.പി.ഒ, കാഞ്ഞിരപ്പള്ളി, തൃശ്ശൂർ ജില്ല എന്ന ക്ഷീരകർഷകയ്ക്ക് മെയ് 2014 വരെ പെൻഷൻ നല്കിയിട്ടുണ്ട്. തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാലാണ് ടിയാളുടെ പെൻഷൻ തടഞ്ഞിട്ടുള്ളത്. ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ജൂൺ 2014 മുതലുള്ള പെൻഷൻ ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ